മെയിനിന്റെയും ശുദ്ധജലവിതരണശൃംഖലയുടെയും പണികൾ ഒക്കെ ഏറെക്കുറെ പൂർത്തിയാകാറായിട്ടുണ്ട്. ഇതുസംബന്ധിച്ച് ഞാൻ ഒരു ചർച്ച നടത്തിയിരുന്നു. അത് ഫലപ്രാപ്തിയിൽ എത്തും എന്നുള്ള പ്രതീക്ഷയിൽത്തന്നെ ബാക്കി ചില കാര്യങ്ങൾ കൂടി ചെയ്തിട്ടുണ്ട്. ഇനിയും അതിനകത്ത് തീരാത്ത പണികളുണ്ടെന്ന് അങ്ങ് പറഞ്ഞതിൽനിന്നും മനസ്സിലാകുന്നു. ഈ പണികളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെകൂടി സാന്നിധ്യത്തിൽ ഒരു ചർച്ചകൂടി നടത്തി പരിഹാരം കാണുന്നതാണ്.

(19) കെ.എസ്.ആർ.ടി.സി.-യിൽ എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നും ജീവനക്കാരുടെ വേതനത്തിൽ മാറ്റം വരുത്തണമെന്നുമുള്ള ആവശ്യം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. വഴിയും ആശ്രിതരായും നിയമിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം നിയമനം നൽകുന്നതിനു പകരം നിയമവിരുദ്ധമായി എംപാനൽ വ്യവസ്ഥയിൽ താൽക്കാലിക നിയമനം നൽകി ദിവസക്കൂലിക്ക് പണിയെടുപ്പിച്ചുകൊണ്ടിരിക്കുകയാണ്. പി.എസ്.സി.വഴിയും ആശ്രിതനിയമന വ്യവസ്ഥപ്രകാരവും സ്ഥിരംനിയമനത്തിന് അർഹത നേടിയവരെയാണ് വർഷങ്ങളോളം താൽക്കാലികാടിസ്ഥാനത്തിൽ പണിയെടുപ്പിക്കുന്നത്. ഈ കാലയളവിനെ സർവ്വീസായിട്ടുപോലും പരിഗണിക്കുന്നില്ല. ഇവരുടെ സർവ്വീസ് പരിഗണിക്കപ്പെടേണ്ടതുണ്ട്. പ്യൂൺസ്, സ്കാവഞ്ചർ എന്നീ തസ്തികകളിൽപ്പോലും താൽക്കാലികമായി മാത്രമേ നിയമനം നൽകുന്നുള്ളൂ. താൽക്കാലികമായി നിയമിക്കുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലിപോലും നൽകുന്നില്ല. പി.എസ്.സി. മുഖേന തെരഞ്ഞെടുത്ത് നിയമിക്കുന്നവരെ റിസർവ്വായി നിയമിക്കണമെന്നും 240 ഡ്യൂട്ടി കഴിഞ്ഞവരെ സ്ഥിരപ്പെടുത്തണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി നിലനിൽക്കുന്നുണ്ട്. അതുപോലും പാലിക്കപ്പെടുന്നില്ല. ക്ഷാമബത്ത കുടിശ്ശികയുണ്ട്. കുടിശ്ശിക ക്ഷാമബത്ത നൽകുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണം. ഈ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷന്റെ നേതൃത്വത്തിൽ തുടർച്ചയായി സമരം നടക്കുന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് ഞാൻ കരുതുന്നു. ഈ പ്രശ്നങ്ങൾക്കെല്ലാം അടിയന്തിര പരിഹാരം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):* സർ, കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. അഡ്വൈസ്ചെയ്ത 2242 എംപാനൽ ജീവനക്കാരുണ്ട്. ആശ്രിത നിയമന വ്യവസ്ഥപ്രകാരം നിയമനം ലഭിച്ച 55 പേർ വേറെയുണ്ട്. ഇത്രയും പേരെ റെഗുലറൈസ് ചെയ്യണമെന്നുണ്ടെങ്കിൽ 19 ലക്ഷം രൂപ ഒരു മാസം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.ക്ക് അധിക ബാധ്യത വരും. ഡീസൽ ചാർജ്ജ് പല പ്രാവശ്യം വർദ്ധിപ്പിച്ചതനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന ആഗ്രഹവും ഗവണ്മെന്റിനില്ല. ഈ ഗവണ്മെന്റ് അധികാരത്തിൽവന്നശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നിരവധി ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. ഡി.എ., പ്രൊമോഷൻ തുടങ്ങി ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഏതാണ്ട് 22 കോടി രൂപവരെ ഒരു വർഷത്തേക്ക് അധികബാധ്യതയുള്ള ആനുകൂല്യങ്ങൾ ഈ ഗവണ്മെന്റ് വന്നശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൊടുത്തിട്ടുണ്ട്. ഡീസലിനുപോലും പൈസ കൊടുക്കാൻ നിവൃത്തിയില്ലാത്ത ഒരു പ്രത്യേക സാഹചര്യം ഇന്നുണ്ട്. ഈ ഗവണ്മെന്റ് വരുന്നതുവരെയുണ്ടായിരുന്ന, 11 മാസത്തിനുമുമ്പ് എംപാനൽ ജീവനക്കാരായി ജോലിചെയ്ത മുഴുവൻ ആളുകളെയും റെഗുലറൈസ് ചെയ്തിട്ടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം നിയമിച്ച താൽക്കാലിക ജീവനക്കാരാണുള്ളത്. നിലവിലുള്ള ജീവനക്കാരുടെ ഒരാനുകൂല്യവും എടുക്കാൻ ആരും അനുവദിക്കുകയില്ല. പുതിയതായി സർവ്വീസിൽ കയറുന്നവർ ആറേഴു മാസമെങ്കിലും അൽപ്പം ബുദ്ധിമുട്ട് അനുഭവിച്ചില്ലെങ്കിൽ ജനങ്ങളുടെ മേൽ നമുക്ക് അധികഭാരം അടിച്ചേൽപ്പിക്കേണ്ടിവരും. അത് ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഇത് സ്വീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് ഈ ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതാണ്.

(20) സംസ്ഥാനത്തെ 20 ഗ്രാമപഞ്ചായത്തുകളിൽ കൃഷിഭവനുകൾ അനുവദിക്കുന്നതു സംബന്ധിച്ച്

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അഞ്ചു മന്ത്രിമാരും എട്ട് എം.എൽ.എ.മാരുമുൾപ്പെടെയുള്ളവർക്കുകൂടിയായിട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിലെ 20 ഗ്രാമപഞ്ചായത്തുകളിൽ എന്റെ നിയോജക മണ്ഡലത്തിലെ കൂവപ്പടിയിൽ ഉൾപ്പെടെ ഇന്ന് കൃഷിഭവനുകൾ ഇല്ല. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ തൊട്ടടുത്ത പഞ്ചായത്തിലെ കൃഷിവകുപ്പുദ്യോഗസ്ഥന്മാർ വന്ന് കണക്കെടുക്കേണ്ട അവസ്ഥയാണുള്ളത്. കർഷകദിനാചരണത്തിലുമെല്ലാം ഇപ്പോൾ പ്രശ്നമാണ്. ആവശ്യമായ ജീവനക്കാർ കൃഷി വകുപ്പിൽ ഇപ്പോഴുണ്ട്. കെട്ടിടങ്ങൾ ആവശ്യമായവ പഞ്ചായത്തുകൾ നിർമ്മിച്ചുനൽകാൻ തയ്യാറാണ്. അതുകൊണ്ട് ചിങ്ങം 1-ന് (ആഗസ്റ്റ്-17) കർഷകദിനം ആചരിക്കുമ്പോഴെങ്കിലും നിർബന്ധമായും കൃഷിഭവനുകൾ ആരംഭിക്കണം. ഇതു സംബന്ധിച്ച് മുമ്പ് ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് സാമ്പത്തികലഭ്യതയനുസരിച്ച് ചെയ്യാമെന്നാണ്. ദയാനിധിയായ ധനകാര്യ വകുപ്പുമന്ത്രി അവിടെ ഇരിപ്പുണ്ട്.